# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM4/1193/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS മുഖേന)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ),മലപ്പുറം
3)കാര്യാലയ പകർപ്പ്

നമ്പർ: KSAMPM4/1193/2022 തീയ്യതി: 30/06/2022

## മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-09-2020 മുതൽ 08-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സൈമൺ. കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 18-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 18-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുൽ ജലീൽ.ടി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
2.ശ്രീ.മുഹമ്മദ് സലീം.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീ.രാമകൃഷ്ണൻ.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീ.റഷീദ്.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

5.ശ്രീമതി.സുജാത.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ഖാലിദ് മാസ്റ്റർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| കാര്യനിർവ്വഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.പി.ശ്രീജ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ,കേശവദാസ്.പി | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീമതി.സരള | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-02-2021 | 17-02-2021 |
| ശ്രീ.അബ്ദു സമദ്.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ദിവ്യ.ജി.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 01-06-2020 |
| ശ്രീമതി.സജിത.ടി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-06-2020 | 31-03-2021 |
| ശ്രീ.അനീഷ്.എ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.വിജയശ്രീ.എസ്.ബി | കൃഷി അസി.ഡയറക്ടർ | 01-04-2020 | 09-06-2020 |
| ശ്രീ.തോമസ്.റ്റി.റ്റി | കൃഷി അസി.ഡയറക്ടർ | 10-06-2020 | 09-03-2021 |
| ശ്രീ.സുമേഷ്.വി.ആർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 16-02-2021 |
| ശ്രീ.മുഹമ്മദാലി.പി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 17-02-2021 | 23-02-2021 |
| ശ്രീ.അജയകുമാർ.പി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 24-02-2021 | 31-03-2021 |
| ശ്രീ.സുധേഷ്ണ പാലോളി | അസി. എഞ്ചിനീയർ | 01-04-2020 | 28-09-2020 |
| ശ്രീ.സിനിമോൻ.സി.എച്ച് | അസി. എഞ്ചിനീയർ | 29-09-2020 | 31-03-2021 |
| ശ്രീമതി.ഗിരിജ.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 25-02-2021 |

| | | | |
|---|---|---|---|
| ശ്രീ.അബ്ദുൽ റഷീദ്.കെ.പി | പട്ടികജാതി വികസന ഓഫീസർ | 26-02-2021 | 31-03-2021 |
| ശ്രീ.വിനോദ്.പി.സി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 16-02-2021 |
| ശ്രീ.ബിജേഷ്.പി | വ്യവസായ വികസന ഓഫീസർ | 17-02-2021 | 31-03-2021 |
| ശ്രീമതി.ഗീത ആർ ചന്ദ്രൻ | കൃഷി അസി.ഡയറക്ടർ | 10-03-2021 | 31-03-2021 |
| ശ്രീമതി.സുബൈദ.പി | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ആബിദ അബ്ദുൽകരീം | മെഡിക്കൽ ഓഫീസർ (CHC കരുവാരകുണ്ട്) | 01-04-2020 | 31-05-2020 |
| ഡോ.മഞ്ജു. | മെഡിക്കൽ ഓഫീസർ ( CHC കരുവാരകുണ്ട്) | 01-06-2020 | 31-03-2021 |
| ഡോ.ജസീല | മെഡിക്കൽ ഓഫീസർ ( CHC കാളികാവ്) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതി<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | 1-8 |
| 9 | ആഭ്യന്തര നീയന്ത്രണം<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-10 |
| 11 | വാർഷിക കണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-11 |
| 12 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-12 |
| 13 | പാലിന് സബ്സിഡി – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 19-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-13 |
| 14 | കറവ പശുക്കൾക്ക് കാലിത്തീറ്റ - കാലിതീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Rasheed V (Senior Grade Auditor, On 19-05-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 19-05-2022) | 1-14 |
| 15 | ചുള്ളിയോട്കുന്ന് SC കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ<br>Written By: T.P.Abdul Jaleel (Audit Officer, On 19-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-15 |
| 16 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 19-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 1-16 |

| | | |
|---|---|---|
| 17 | നിയമപരമായ കാലാവധിക്കുള്ളിൽ കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 19-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-17 |
| 18 | കമ്പ്യൂട്ടറുകൾ ലഭ്യമായില്ല.<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-18 |
| 19 | മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-19 |
| 20 | പ്രവ്യത്തി വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 23-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-20 |
| 21 | മേൽക്കൂര നിർമ്മാണം - സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിന്റെ നിരക്ക് അനുവദിച്ച് അധികം പണം നൽകി.<br>Written By: Muhammed Saleem T (Asst. Audit Officer, On 23-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-21 |
| 22 | ചെലവുരേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-22 |
| 23 | തുടർ നടപടി വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-22-1 |
| 24 | സ്റ്റോക്ക് ,ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-22-2 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മേൽക്കൂര നിർമ്മാണം - സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിന്റെ നിരക്ക് അനുവദിച്ച് അധികം പണം നൽകി.<br>Written By: Muhammed Saleem T (Asst. Audit Officer, On 23-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 17-05-2022)<br>Last Updated By: Sujatha M (Auditor, On 17-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |

| | | |
|---|---|---|
| | Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujatha M (Auditor, On 16-05-2022)<br>Last Updated By: Sujatha M (Auditor, On 16-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.<br>Written By: Sujatha M (Auditor, On 17-05-2022)<br>Last Updated By: Sujatha M (Auditor, On 17-05-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 17-05-2022)<br>Last Updated By: Sujatha M (Auditor, On 17-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujatha M (Auditor, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ<br>Written By: Sujatha M (Auditor, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 06.03.2020 | ഇല്ല. |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 13.01.2022 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,23,26,996 |
| വരവ് | 1,18,55,227 |
| ആകെ | 2,41,82,223 |
| ചെലവ് | 1,66,66,541 |
| നീക്കിയിരിപ്പ് | 75,15,682 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 47906618 | 47906618 | 47906618 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 17401000 | 17401000 | 17401000 | 0 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 2449000 | 2449000 | 1937326 | 511674 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 8351666 | 8351666 | 8351666 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9000000 | 9000000 | 6527901 | 2472099 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 9000000 | 9000000 | 1813024 | 7186976 |
| ബി ഫണ്ട് | 0 | 0 | 0 | 0 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 13,81,83,000 | 139 | 8,59,91,920 | 0 | 33 | 63.95 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതി

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.05.2022 ന് 3 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും, വില കുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii)പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയതും പാലിക്കപ്പെടുന്നില്ല.

2)കൃഷി അസി.ഡയറക്ടർ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കാഷ് ബുക്ക്, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.02.2022 | 2020-2021 | 13.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2014 | 2010 -2011 മുതൽ 2012-13 വരെ | 14.11.2014 |

## 1-11 വാർഷിക കണക്ക് പരിശോധന – അപാകതകൾ

2020-2021 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)പ്രത്യേക എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 4 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3)ഡെപ്പോസിറ്റ് രജിസ്റ്ററിൽ ശരിയായി വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) രജിസ്റ്ററിൽ ശരിയായി വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 18 ൽ രേഖപ്പെടുത്തിയ Temporary Advance For Official Purpose ഇനത്തിൽ രേഖപ്പെടുത്തിയ 2,05,099 രൂപയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5) വാടക ഇനത്തിൽ 51,700 രൂപ ഡിമാന്റ്, 48,700രൂപ കളക്ഷൻ, 3000 രൂപ ബാലൻസ് എന്നിങ്ങനെ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

6)ഓഡിറ്റ് റിക്കവറിയിനത്തിൽ 73,833 രൂപ അടവാക്കിയിട്ടുണ്ടെങ്കിലും ആയത് വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

7)രേഖകളുടെ അഭാവത്തിൽ RP-5ൽ രേഖപ്പെടുത്തിയ വരവുകളുടെ ആധികാരിത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

8)താഴെ പറയുന്ന വികസന ഫണ്ടുകൾ അക്കൗണ്ട് ചെയ്തിട്ടില്ല.

| | |
|---|---|
| വികസനഫണ്ട് (ജനറൽ) | 4,79,06,618 (ചെലവ് ) |

| | |
|---|---|
| വികസനഫണ്ട്(എസ് സി പി ) | 1,74,01,000(ചെലവ് ) |
| വികസനഫണ്ട് (ടി എസ് പി ) | 19,37,326(ചെലവ് ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 65,27,901(ചെലവ് ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 18,13,024(ചെലവ് ) |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 83,51,666(ചെലവ് ) |

ആയവ ഉൾപ്പെടുത്താതെയാണ് (ഇൻകം ആന്റ് എക്സ് പെന്റിച്ചർ സ്റ്റേറ്റുമെന്റിലും) വാർഷികകണക്ക് തയ്യാറാക്കിയിട്ടുള്ളത്.

9) ടി എസ് സി നീക്കിയിരിപ്പ് ഷെഡ്യൂൾ B-17 പ്രകാരം 15,366 രൂപയാണ്. എന്നാൽ ആയത് ഷെഡ്യൂൾ B-4 പ്രകാരം 8215 രൂപയാണ്. തുക വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

10) ഐ എ വൈ ജനറൽ ഷെയർ ഇനത്തിൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 1,50,000 രൂപ തൻ വർഷം വരവുണ്ട്. എന്നാൽ, ആയത് വാർഷിക കണക്ക് പ്രകാരം 20,205 രൂപയാണ്.

11)ഐ എ വൈ എസ് സി ഷെയർ ഇനത്തിൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 25,000 രൂപ വരവുണ്ട്. ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

12)പുതിയ കെട്ടിടം നിർമ്മിയ്ക്കുന്നതിന് വിട്ടുകിട്ടിയ സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കിയ ഇനത്തിൽ വനവികസന നികുതി കുറച്ച് ബാക്കി 2,07,696 രൂപ വരവുണ്ടെങ്കിലും ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

13) സംയുക്ത പ്രോജക്ടുകൾ ഇനത്തിൽ യഥാക്രമം 7,05,000 രൂപ, 1,83,472 രൂപ എന്നിങ്ങനെ വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രേഖകളുടെ അഭാവത്തിൽ പ്രസ്തുത തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 3/2020-21/16.05.22)

## 1-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 53/21 |
| അടങ്കൽ തുക | 28,00,000/- (എസ്.സി.പി) |
| വിനിയോഗിച്ച തുക (വികസന ഫണ്ട് - ടി.എസ്.പി) | 14,15,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 14 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തീയതി വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ബിൽ നമ്പർ/തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | സുധീഷ്മ, D/o. സുരേഷ്.ഇ, ഇരുവേട്ടിൽ ഹൗസ്, അമ്പലക്കടവ്.പി.ഒ. | 10/2020-21 / 24.03.2021 | 50,000/- |
| | | 01/2021-22 / 16.11.2021 | 60,000/- |
| | | 02/2021-22 / 18.01.2022 | 70,000/- |
| 2 | ജിഷ്ണു.കെ, S/o. സുഭാഷ് ചന്ദ്ര ബോസ്, കുട്ടീരി ഹൗസ്, പൂക്കോട്ടുംപാടം.പി.ഒ | 01/2020-21 / 14.01.2021 | 50,000/- |
| | | 10/2020-21 / 24.03.2021 | 50,000/- |
| | | 01/2021-22 / 16.11.2021 | 80,000/- |
| 3 | രഹന.ഒ, D/o. സുബ്രഹ്മണ്യൻ.ഒ, ഓവംപുറത്ത് ഹൗസ്, കിളികോട് കോളനി, ഉവ്വൂർ. | 02/2020-21 / 14.01.2021 | 50,000/- |
| | | 01/2021-22 / 16.11.2021 | 50,000/- |
| | | 08/2021-22 / 22.03.2022 | 80,000/- |

നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 1(2020-21)/16.05.2022) ക്രമ നമ്പർ.2 പ്രകാരമുള്ള ഗുണഭോക്താവ് ഇപ്പോൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റ് രണ്ട് ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് തുക പൂർണ്ണമായും അനുവദിച്ചതിന് ശേഷം അറിയിക്കേണ്ടതാണ്.

## 1-13 പാലിന് സബ്സിഡി – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 79/21 | 112/21 (സ്പിൽ ഓവർ പ്രൊജക്ട്) |
| അടങ്കൽ തുക | 40,00,000/- രൂപ. | 15,799,14/- രൂപ. |
| വിനിയോഗിച്ച തുക | 36,31,519/- രൂപ. | 15,799,14/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | |

2020-21 സാമ്പത്തിക വർഷത്തിൽ 79/21, 112/21 എന്നീ പ്രൊജക്ടുകൾ പ്രകാരം 52,11,433/- രൂപ പാലിന് സബ്സിഡിയായി നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). പാലളവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

എ). പ്രൊജക്ട് നമ്പർ.79/21

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | ചെലവ് വിവരങ്ങൾ. | അപാകത. |
|---|---|---|---|
| 1 | 07/2020-21 Dt.27.01.2021 – 1,91,925/- രൂപ. | ചോക്കാട്.കെ.എസ്.എസ് - 16,437/- രൂപ. മാളിയേക്കൽ.കെ.എസ്.എസ് - 1,75,488/- രൂപ. | ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 2 | 13/2020-21 Dt.27.01.2021 – 2,57,323/- രൂപ. | കരുളായി.കെ.എസ്.എസ് - 1,84,558/- രൂപ. മൈലംപാറ.കെ.എസ്.എസ് - 41,586/- രൂപ. പുല്ലഞ്ചേരി.കെ.എസ്.എസ് - 31,187/- രൂപ. | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 3 | 16/2020-21 Dt.27.01.2021 – 57,180/- രൂപ. | പൂക്കോട്ടുംപാടം.കെ.എസ്.എസ് - 49050/- രൂപ. ക്ലറ്റമ്പാറ.കെ.എസ്.എസ് - 8,130/- രൂപ. | ക്ലറ്റമ്പാറ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 4 | 17/2020-21 Dt.26.03.2021 – 3,895/- രൂപ. | ആമപ്പൊയിൽ & ചേരിപ്പലം.കെ.എസ്.എസ് - 3,895/- രൂപ. | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

പാലളവ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ സബ്സിഡി തുക അനുവദിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ക്ഷീര സംഘങ്ങളിൽ നിന്നുള്ള പാലളവ് വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 2,29,099/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ബി). പ്രൊജക്ട് നമ്പർ.112/21 (സ്പിൽ ഓവർ പ്രൊജക്ട്)

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | ചെലവ് വിവരങ്ങൾ. | അപാകത. |
|---|---|---|---|
| 1 | 20151363021000030675 Dt.11.04.2020 – 52,692/- രൂപ. | കൽക്കുണ്ട്.കെ.എസ്.എസ് - 52,692/- രൂപ. | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 2 | 20151363021000030658 | വീട്ടിക്കുന്ന്.കെ.എസ്.എസ് - | ക്ഷീരോൽപ്പാദക |

| | | | |
|---|---|---|---|
| | Dt.11.04.2020 – 84,375/- രൂപ. | 84,375/- രൂപ. | സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 3 | 20151363021000030690 Dt.11.04.2020 – 1,58,907/- രൂപ. | ഉവ്വൂർ.കെ.എസ്.എസ് - 1,58,907/- രൂപ. | സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 4 | 20151363021000030681 Dt.11.04.2020 – 76,845/- രൂപ. | വീട്ടിക്കുന്ന്.കെ.എസ്.എസ് - 76,845/- രൂപ. | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 5 | 20151363021000030677 Dt.11.04.2020 – 1,04,091/- രൂപ. | പൊട്ടിയോടത്താൽ, തരിപ്രമുണ്ട, പുളിയക്കോട്, പുല്ലിക്കുത്ത്, പാതിരിക്കോട് ക്ഷീര സംഘങ്ങൾ. | ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

പാലളവ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ സബ്സിഡി തുക അനുവദിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ക്ഷീരസംഘങ്ങളിൽ നിന്നുള്ള പാലളവ് വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 4,76,910/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2). ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളും സമാനമായ പദ്ധതി പ്രകാരം ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകിയിട്ടുള്ളതിനാൽ ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കും പരമാവധി സബ്സിഡിയും അധികരിച്ച് തുക നൽകിയിട്ടുണ്ടോയെന്നും സബ്സിഡി നൽകിയതിൽ ഇരട്ടിപ്പ് വന്നിട്ടുണ്ടോയെന്നും പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

3). സബ്സിഡി അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ഫോൺ നമ്പർ, മേൽവിലാസം എന്നിവ ലഭ്യമാക്കാത്തതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ സബ്സിഡി അനുവദിച്ചിട്ടുള്ളത് എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 11(2020-21)/17.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14 കറവ പശുക്കൾക്ക് കാലിത്തീറ്റ - കാലിതീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 113/21 |
| അടങ്കൽ തുക | 30,00,000/- (എസ്.സി.പി) |
| വിനിയോഗിച്ച തുക (വികസന ഫണ്ട് - സാധാരണ വിഹിതം) | 10,69,030/- രൂപ. |
| ബിൽ നമ്പർ / തീയതി | 20151363021000030672 / 11.04.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |

കറവ പശുക്കൾക്ക് കാലിതീറ്റ എന്ന പദ്ധതി പ്രകാരം ക്ഷീര കർഷകർക്കുള്ള കാലിതീറ്റ സബ്സിഡിയായി 10,69,030/- രൂപ താഴെ പറയുന്ന ക്ഷീര സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ക്ഷീര സംഘത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | അഞ്ചച്ചവിടി.കെ.എസ്.എസ് | 2,08,000/- |
| 2 | ചെരിപ്പലം.കെ.എസ്.എസ് | 48,000/- |
| 3 | അടക്കാകുണ്ട്.കെ.എസ്.എസ് | 80,500/- |
| 4 | ചോക്കാട്.കെ.എസ്.എസ് | 2,96,030/- |
| 5 | മാളിയേക്കൽ.കെ.എസ്.എസ് | 88,500/- |
| 6 | പുല്ലഞ്ചേരി.കെ.എസ്.എസ് | 42,000/- |
| 7 | കരുളായി.കെ.എസ്.എസ് | 3,06,000/- |

ഇതിൽ ക്രമ നമ്പർ.2 പ്രകാരമുള്ള അഞ്ചച്ചവിടി.കെ.എസ്എസ്, ക്രമ നമ്പർ.4 പ്രകാരമുള്ള ചോക്കാട്.കെ.എസ്എസ് എന്നിവ മുഖേന കാലിത്തീറ്റ വിതരണം ചെയ്തതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 3,44,030/- രൂപയുടെ ചെലവ് തുക തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 2(2020-21)/16.05.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-15 ചുള്ളിയോട്കുന്ന് SC കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ .

5 മീറ്റർ വ്യാസമുള്ള കിണർ നിർമിച്ച്, കോൺക്രീറ്റ് പ്ളാറ്റ് ഫോമിൽ 5000 ലിറ്റർ ശേഷിയുള്ള ടാങ്ക് സ്ഥാപിച്ച് ഏഴ് കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ളതാണ് മേൽ പ്രോജക്റ്റ്. പദ്ധതിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

പ്രവൃത്തി: ചുള്ളിയോട്കുന്ന് SC കോളനി കുടിവെള്ള പദ്ധതി , 106/21

അടങ്കൽ: 1200000 രൂപ (വികസന ഫണ്ട്-SCP)

കരാറുകാരൻ: ശ്രീ തോമസ് C T

കരാർ: 72/18-19/18-12-18

ചെലവ്: 703727 രൂപ (ബിൽ നമ്പർ 69/18-19/22-3-19: 342623രൂപ, ബിൽ നമ്പർ 12/20-21/20-4-20: 361104 രൂപ)

ഈ പ്രവൃത്തി 16-5-2022 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഈ പദ്ധതി കൊണ്ട് നാളിതുവരേയും പ്രയോജനം ലഭിച്ചിട്ടില്ല. പദ്ധതി പ്രകാരം സ്ഥാപിച്ച 5000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കിന്റെ അടിഭാഗത്ത് ചോർച്ചയുള്ളതിനാൽ നാളിതുവരെ ഒരു ദിവസം പോലും വെള്ളം ലഭ്യമായിട്ടില്ലെന്ന് ഗുണഭോക്താക്കളിലൊരാളായ ശ്രീമതി. വിലാസിനി എന്നവർ സ്ഥലപരിശോധനാ വേളയിൽ വാക്കാൽ അറിയിച്ചു. ടാങ്ക് നേരിൽ പരിശോധിച്ചപ്പോഴും ടാങ്കിൽ വെള്ളമില്ലെന്ന് ബോധ്യപ്പെട്ടു.

2) പ്രവൃത്തിയുടെ ഫൈനൽ ബില്ല് നാളിതുവരേയും നൽകിയിട്ടില്ല. പ്രവൃത്തിയുടെ രണ്ടാം പാർട്ട് ബില്ല് മാത്രമാണ് നൽകിയിട്ടുള്ളത്. അളവ് പുസ്തകം പ്രകാരം പ്രവൃത്തി നാളിതുവരേയും പൂർത്തീകരിച്ചിട്ടില്ല. എന്നാൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്താത്ത പ്രവൃത്തികളും പ്രവൃത്തി സ്ഥലത്ത് ചെയ്തതായി കാണുന്നുണ്ട്.

3) ഇനം 3-7 പ്രകാരം Brass Bib Cock കളാണ് സ്ഥാപിക്കേണ്ടതെങ്കിലും പ്ളാസ്റ്റിക് വാട്ടർ ടാപ്പുകളാണ് സ്ഥാപിച്ചതെന്ന് സ്ഥലപരിശോധനാ വേളയിൽ ബോധ്യപ്പെട്ടു. Od316226/2018-19 പ്രകാരം പ്ളാസ്റ്റിക് വാട്ടർ ടാപ്പിന്റെ വില കണക്കാക്കിയിരിക്കുന്നത് 69.69 ( CI 37.25%) രൂപയാണ്. 7.7% Tender Below യിൽ ചെയ്ത ഈ പ്രവൃത്തിക്ക് താഴെ പറയും പ്രകാരം 1856 രൂപ അധികം നൽകിയിട്ടുണ്ട്. (329.50 X 7)- 64.33 X 7)

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 9/17-5-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ:

ഇനം (1) അപാകത പരിഹരിക്കുന്നതിനായി, വാട്ടർ ടാങ്ക് കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ മാറ്റി സ്ഥാപിക്കുകയോ അല്ലാത്തപക്ഷം കരാറുകാരന് ഈയിനത്തിൽ നൽകിയ 45919.50 രൂപ (ഇനം (3-12) 5000 X 9.1839) തിരികെ ഈടാക്കി പുതിയ വാട്ടർ ടാങ്ക് സ്ഥാപിച്ച് അറിയിക്കുകയോ ചെയ്യേണ്ടതാണ്.

ഇനം (2) അപാകത പരിഹരിക്കുന്നതിനായി, അളവ് പുസ്തകത്തിൽ രേഖപ്പെടുത്താത്ത പ്രവൃത്തി സംബന്ധിച്ച വിശദാംശവും എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോയെന്ന വിശദാംശവും

അറിയിക്കേണ്ടതാണ്.

ഇനം (3) അപാകത പരിഹരിക്കുന്നതിനായി, പ്ളാസ്റ്റിക് വാട്ടർ ടാപ്പുകൾക്ക് പകരം Brass Bib Cock സ്ഥാപിക്കുകയോ അല്ലാത്ത പക്ഷം വിലവ്യത്യാസം ഈടാക്കുകയോ ചെയ്യേണ്ടതാണ്. എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തിക്ക് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതുമാണ്.
മേൽ അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 703727 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ .

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ പറയുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | പ്രവൃത്തി: കുട്ടക്കുന്ന് SC കോളനി കുടിവെള്ള പദ്ധതി, 107/21<br>അടങ്കൽ: 1200000 രൂപ (വികസന ഫണ്ട്-SCP)<br>കരാറുകാരൻ: ശ്രീ അക്ബർ മാഞ്ചേരി<br>കരാർ: 49/18-19/19-11-18<br>കരാർ തുക: 736626 രൂപ<br>അളവ് പുസ്തകം: 49/18-19<br>ചെലവ്: 779537രൂപ<br>ബിൽ നമ്പർ: 59/18-19/21-3-19: 191069 രൂപ<br>ബിൽ നമ്പർ: 39/20-21/6-5-20: 588468 രൂപ | 9-5-19 To 8-8-19@ 1 %: 7366.26<br>9-8-19 To 8-11-19@ 2 %: 14732.52<br>9-11-19 To 8-2-20@ 2%: 14732.52<br>9-2-20 To 28-2-20@ 2%: (20 Days)<br>14732.52x20/90=3273.89<br>TOTAL: 40105.19<br>Ie 40105 രൂപ |

| | | |
|---|---|---|
| | കരാർ കാലവധി: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 8-5-19<br>പൂർത്തീകരിച്ച തീയതി: 28-2-20 (അളവ് പുസ്തകം പേജ് 56) | |

| ക്രമ നം | പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ |
|---|---|---|
| 2 | പ്രവൃത്തി: ചുള്ളിയോട്കുന്ന് SC കോളനി കുടിവെള്ള പദ്ധതി , 106/21<br>അടങ്കൽ: 1200000 രൂപ (വികസന ഫണ്ട്-SCP)<br>കരാറുകാരൻ: ശ്രീ തോമസ് C T<br>കരാർ: 72/18-19/18-12-18<br>കരാർ തുക: 939442 രൂപ<br>അളവ് പുസ്തകം: 72/18-19<br>ചെലവ്: 703727രൂപ<br>ബിൽ നമ്പർ: 69/18-19/22-3-19: 342623 രൂപ<br>ബിൽ നമ്പർ:12/20-21/20-4-20: 361104 രൂപ<br>കരാർ കാലവധി: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 17-6-19<br>പൂർത്തീകരിച്ച തീയതി: 18-3-20 (അളവ് പുസ്തകം പേജ് 37) | 18-6-19 To 17-9-19@ 1 %: 9394.42<br>18-9-19 To 17-12-19@ 2 %: 18788.84<br>18-12-19 To 17-3-20@ 2%: 18788.84<br>18-3-20 To 18-3-20 (1 Day)<br>18788.84x1/90= 208.76<br>TOTAL: 47180.86<br>Ie 47181 രൂപ<br>ഈടാക്കിയത്: 7037 രൂപ<br>ബാക്കി: 40144 രൂപ<br>AE/KKV/BP/72/19-20/3-12-19 പ്രകാരം 31-12-19 ന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കാൻ AE രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും പ്രവൃത്തി പൂർത്തീകരിക്കുകയോ പിഴ മുഴുവനായും ഈടാക്കുകയോ ചെയ്തില്ല. |

| ക്ര നം | പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ |
|---|---|---|
| 3 | പ്രവൃത്തി: ബ്ളോക്ക് ഓഫീസ് ബിൽഡിംഗ് റോഡ്, 160/21<br>അടങ്കൽ: 600000 രൂപ (തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ അക്ബർ മാഞ്ചേരി<br>കരാർ: 81/18-19/31-3-19<br>കരാർ തുക: 511478 രൂപ<br>അളവ് പുസ്തകം: 6/19-20<br>ചെലവ്: 511478രൂപ<br>വൗച്ചർ നമ്പർ: 22000399/3-2-21 (സെക്രട്ടറി നേരിട്ട് നൽകി)<br>കരാർ കാലവധി: 4 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 31-7-19<br>പൂർത്തീകരിച്ച തീയതി: 20-2-20 (അളവ് പുസ്തകം പേജ് 10) | 1-8-19 To 31-10-19@ 1 %: 5114.78<br>1-11-19 To 31-1-20@ 2 %: 10229.56<br>1-2-20 To 20-2-20@ 2%: (20 Days)<br>10229.56x20/90=2273.23<br>TOTAL: 17617.57<br>Ie 17618 രൂപ |

| ക്രമ നം | പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ |
|---|---|---|
| 4 | പ്രവൃത്തി: കളം SC കോളനി കുടിവെള്ള പദ്ധതി , 172/21<br>അടങ്കൽ: 2150000 രൂപ (വികസന ഫണ്ട്-SCP)<br>കരാറുകാരൻ: ശ്രീ മുജീബ് റഹ്മാൻ<br>കരാർ: 4/18-19/28-11-18<br>കരാർ തുക: 2086192 രൂപ<br>അളവ് പുസ്തകം: 4/18-19<br>ചെലവ്: 1673125രൂപ<br>ബിൽ നമ്പർ: 55/18-19/14-3-19: 348825 രൂപ<br>ബിൽ നമ്പർ: 42/20-21/20-5-20: 1223280 രൂപ<br>ബിൽ നമ്പർ: 62/20-21/22-1-21: 101020 രൂപ<br>കരാർ കാലവധി: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 27-5-19<br>പൂർത്തീകരിച്ച തീയതി: 16-6-20 (അളവ് പുസ്തകം പേജ് 79) | 28-5-19 To 27-8-19 @ 1 %: 20861.92<br>28-8-19 To 27-11-19 @ 2%: 41723.84<br>28-11-19 To 27-2-20 @ 2%: 41723.84<br>28-2-20 To 27-5-20 @ 2%: 41723.84<br>28-5-20 To 16-6-20@ 2%: (20 Days)<br>41723.84x20/90= 9271.96<br>TOTAL: 155305.40<br>ഈടാക്കിയത്: 16731.00<br>ബാക്കി 138574.40<br>le 138574 രൂപ |

| ക്രമ നം | പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ |
|---|---|---|
| 5 | പ്രവൃത്തി: വെള്ളിയഞ്ചേരി പറയര്കുന്ന് എസ്സി കോളനി കുടിവെള്ള പദ്ധതി ,105/21<br>അടങ്കൽ: 1000000 രൂപ (വികസന ഫണ്ട്-SCP)<br>കരാറുകാരൻ: ശ്രീ വി. എം. ഫൈസൽ<br>കരാർ: 70/18-19/4.12.18<br>കരാർ തുക: 966820 രൂപ<br>അളവ് പുസ്തകം: 70/18-19<br>ചെലവ്: 575747<br>ബിൽ നമ്പർ: 7/19-20/7.5.19: 159330 രൂപ<br>ബിൽ നമ്പർ: 29/20-21/20.4.20: 416417 രൂപ<br>കരാർ കാലവധി: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 3-6-19<br>പൂർത്തീകരിച്ച തീയതി: 11-2-20 (അളവ് പുസ്തകം പേജ് 39) | 4.6.2019 To 3.9.2019 @ 1 %: 9668.20<br>4.9.2019to 3.12.2019 @ 2%: 19336.40<br>4.12.2019 To 11.2.2020@ 2%: (70 Days)<br>19336.40x70/90= 15039.40<br>TOTAL: 44044.00 രൂപ |

മേൽ പ്രകാരമുള്ള പിഴ 280485 രൂപ (40105+40144+17618+138574+44044) മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 10/17-05-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 നിയമപരമായ കാലാവധിക്കുള്ളിൽ കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ .

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം

കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ മേൽ പറഞ്ഞ 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകമാണ് ചമച്ചതെങ്കിലും കരാർ തുകയുടെ 1% പിഴ ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

പ്രവൃത്തി: ചുള്ളിയോട്കുന്ന് SC കോളനി കുടിവെള്ള പദ്ധതി , 106/21

അടങ്കൽ: 1200000 രൂപ (വികസന ഫണ്ട്-SCP)

കരാറുകാരൻ: ശ്രീ തോമസ് C T

കരാർ: 72/18-19/18-12-18

PAC: 939442 രൂപ

ചെലവ്: 703727 രൂപ (ബിൽ നമ്പർ 69/18-19/22-3-19, 342623രൂപ, ബിൽ നമ്പർ 12/20-21/204-20, 361104 രൂപ)

സെലക്ഷൻ നോട്ടീസ്: TN04/AE/LSGD/KKV/BP/2018-19/14-11-18

Despatched On: 18-8-18

പിഴയില്ലാതെ കരാർ ചമക്കേണ്ട അവസാന തീയതി: 28-11-18 (സെലക്ഷൻ നോട്ടീസിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്)

കരാർ ചമച്ച തീയതി: 18-12-18

ഈടാക്കേണ്ട പിഴ( PAC യുടെ 1%): 9394.42 Rounded To: 9394 രൂപ.

മേൽ പ്രകാരം പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതും മേൽ സൂചിപ്പിച്ച പിഴ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 8/17-5-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ 9394 രൂപ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 കമ്പ്യൂട്ടറുകൾ ലഭ്യമായില്ല.

കാളികാവ് ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷത്തിൽ കരുവാരകുണ്ട് സാമൂഹികാരോഗ്യ കേന്ദ്രം മുഖേന മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. കരുവാരകുണ്ട്) നടപ്പിലാക്കിയ കരുവാരകുണ്ട് സി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ (5/20-21) പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനായി TVM/ITBG/PI/RC/20918/20-21 Date. 20.01.2021 നമ്പർ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ 121407/- രൂപ (MG – Non Road) ബിൽ നം.14/20-21/12.02.2021 പ്രകാരം KELTRON ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/2020-21/16.05.2022 ന് മറുപടി ലഭ്യമാക്കിയില്ല. കമ്പ്യൂട്ടറുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ് .

## 1-19 മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

കാളികാവ് ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷത്തിൽ കരുവാരകുണ്ട് സാമൂഹികാരോഗ്യ കേന്ദ്രം മുഖേന നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ഭാഗമായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. ആയതിൽ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് | പ്രൊഫോർമ ഇൻവോയ്സ് | ലഭ്യമായ വിവരം | ലഭിക്കാനുള്ളത് |
|---|---|---|---|---|
| കരുവാരകുണ്ട് സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ 39/20-21 | ബി.നം. 13/20-21 /28.01.2021 87903/- | PRF- 3514/19.11.2020 | ലഭിച്ചത്- ഇല്ല | 87903/- |

| | | | | |
|---|---|---|---|---|
| സെക്കന്ററി പാലിയേറ്റീവ് പ്രവർത്തനങ്ങൾ 48/20-21 | ബി.നം. 17/20-21 /29.03.2021 117300/- | PRF-5174/06.02.2021 | ഇ.നം.2540/18.09.2021-18444/- ഇ.നം.2548/20.09.2021-11004/- PRET 133/16.09.2021-129.92/- ഇ.നം.2569/24.09.2021-16626/- ഇ.നം.2581/28.09.2021-4832/- ഇ.നം.2590/30.09.2021-10733/- ഇ.നം.2655/02.11.2021-2240/- ഇ.നം.2857/10.12.2021-11942/- ആകെ ലഭിച്ചത് - 75951/- | 41349/- |

ലഭിക്കാൻ ബാക്കിയുള്ള തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ അവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.7/2020-21/16.05.2022 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ലഭിക്കാൻ ബാക്കിയുള്ള തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-20 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയില്ല.

കാളികാവ് ബ്ലോക്കിന്റെ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾ (No. 108/21) എന്ന പ്രൊജക്റ്റിന്റെ ഭാഗമായി ബ്ലോക്ക് ഓഫീസിന്റെ മുകൾ നിലയിൽ സ്റ്റീൽ സ്ട്രക്ച്ചറിൽ ഷീറ്റ് മേഞ്ഞ് മേൽക്കൂര പണിതിട്ടുണ്ട്. ഈ പ്രവൃത്തി സമയക്രമം പാലിച്ച് പൂർത്തീകരിക്കുകയോ കാലാവധി ദീർഘിപ്പിക്കുന്നതിനു കരാറുകാരൻ അപേക്ഷ നൽകുകയോ ഭരണസമിതി ഇത് സംബന്ധിച്ച് തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. കരാറിലെ വ്യവസ്ഥ 7 പ്രകാരം പ്രവൃത്തി സമയക്രമം പാലിച്ച് പൂർത്തീകരിക്കാതിരുന്നാൽ ആദ്യ 3 മാസത്തേക്ക് ഒരു ശതമാനം നിരക്കിലും തുടർന്ന് വരുന്ന ഓരോ 3 മാസത്തിനും 2 ശതമാനം നിരക്കിലും ഫൈൻ ഈടാക്കേതാണ്. പ്രവൃത്തി സംബന്ധിച്ച വിവരങ്ങളും ഈടാക്കേണ്ട ഫൈൻ സംബന്ധിച്ച കണക്കുകളും താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി | കാളികാവ് ബ്ലോക്കിന്റെ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾ (No. 108/21) |
| എസ്റ്റിമേറ്റ് നമ്പർ | 2018/116750 |
| സാങ്കേതിക അനുമതി നമ്പർ | 89825/2018-19 |
| സാങ്കേതിക അനുമതി തുക | 2500000 |
| നിരക്കും കോസ്റ്റ് ഇൻഡക്സും | DSR 2016 , Cost Index 37.25% |
| കരാറുകാരൻ | അക്ബർ മാഞ്ചേരി |
| കരാർ നമ്പർ | AEE/KKV/BP/1/18-19 Dated 28.11.2018 |
| കരാർ തുക | 1877585 |
| അളവ് പുസ്തകം | 1/18-19, 63/19-20 |
| ആകെ മൂല്യ നിർണ്ണയം | 1872099 |
| പണം നൽകിയതിന്റെ വിവരം (ഒന്നാം പാർട്ട് ബിൽതുക 211117 രൂപ 2018-19 ൽ നൽകി ) | 1/15.4.20 - 325218<br>4/20.5.20 - 1355764 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട | 27.5.2019 |

| | |
|---|---|
| തിയ്യതി | |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി (അളവ് പുസ്തകം 63/19-20 പേജ് 4) | 6.1.2020 |
| ഈടാക്കേണ്ട ഫൈൻ | |
| 28.5.2019 To 27.8.2019 (1 % Of 1877585) | 18775.85 |
| 28.8.2019 To 27.11.2019 (2 % Of 1877585) | 37551.70 |
| 28.11.2019 To 6.1.2020 (2% Of 1877585 X 40/90 | 16689.64 |
| | 73017 രൂപ |

കരാർ വ്യവസ്ഥ പാലിക്കാതെ അധികം നൽകിയ 73017 രൂപ തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.12/17.5.22(2020-21) ന് മറുപടി ലഭ്യമായിട്ടില്ല.

## 1-21 മേൽക്കൂര നിർമ്മാണം - സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിന്റെ നിരക്ക് അനുവദിച്ച് അധികം പണം നൽകി.

കാളികാവ് ബ്ലോക്കിന്റെ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾ (No. 108/21) എന്ന പ്രൊജക്റ്റിന്റെ ഭാഗമായി ബ്ലോക്ക് ഓഫീസിന്റെ മുകൾ നിലയിൽ സ്റ്റീൽ സ്ട്രക്ച്ചറിൽ ഷീറ്റ് മേഞ്ഞ് മേൽക്കൂര പണിതിട്ടുണ്ട്. സ്റ്റീൽ സ്ട്രക്ച്ചറിലെ പട്ടികകൾ സിംഗിൾ സെക്ഷനിൽ ആണ് പണിതിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ നാലാം ഇനം കിലോഗ്രാമിനു 92.85 രൂപ നിരക്കിൽ 5757.839 കിലോഗ്രാം സ്റ്റീൽ ബിൽഡപ്പ് സെക്ഷനും (ട്രസ്സും) അഞ്ചാം ഇനം കിലോഗ്രാമിനു 80.22 രൂപ നിരക്കിൽ 2592 കിലോഗ്രാം സ്റ്റീൽ സിംഗ്ൾ സെക്ഷനും ഉപയോഗിച്ച് മേൽക്കൂരയുടെ സ്ട്രക്ച്ചർ പണിയലാണ്. ഈ പ്രവത്തിയുടെ കരാറുകാരൻ നാലാം ഇനം പ്രവൃത്തി കിലോഗ്രാമിനു 70.1018 രൂപ നിരക്കിലും അഞ്ചാം ഇനം പ്രവൃത്തി കിലോഗ്രാമിനു 60.5661 രൂപ നിരക്കിലും ചെയ്യാൻ ടെണ്ടർ സമർപ്പിച്ചതുമാണ്. എന്നാൽ പ്രവൃത്തിയിലെ ഇനം 4, ഇനം 5 എന്നിവ പൂർണ്ണമായും ഒഴിവാക്കി എക്സ്ട്രാ ഇനം 3 ആയി കിലോഗ്രാമിനു 123.87 രൂപ നിരക്കിൽ 7185.48 കിലോഗ്രാം സ്റ്റീൽ ട്രസ്സ് കൊണ്ട് സ്റ്റീൽ സ്ട്രക്ച്ചർ മേൽക്കൂര പണിയുന്ന പ്രവൃത്തി ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും 7185.48 കിലോഗ്രാം പ്രവൃത്തി ചെയ്തതിന് പണം നൽകുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ കുറവിന്റെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ കിലോഗ്രാമിനു 93.52 രൂപ നിരക്കിലാണ് പണം നൽകിയിട്ടുള്ളത്. പ്രവൃത്തി സംബന്ധിച്ച വിവരങ്ങളും അധികം നൽകിയ തുക സംബന്ധിച്ച കണക്കുകളും താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി | കാളികാവ് ബ്ലോക്കിന്റെ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾ (No. 108/21) |
| എസ്റ്റിമേറ്റ് നമ്പർ | 2018/116750 |
| സാങ്കേതിക അനുമതി നമ്പർ | 89825/2018-19 |
| സാങ്കേതിക അനുമതി തുക | 2500000 |
| നിരക്കും കോസ്റ്റ് ഇൻഡക്സും | DSR 2016 , Cost Index 37.25% |
| കരാറുകാരൻ | അക്ബർ മാഞ്ചേരി |
| കരാർ നമ്പർ | AEE/KKV/BP/1/18-19 Dated 28.11.2018 |
| കരാർ തുക | 1877585 |
| അളവ് പുസ്തകം | 1/18-19, 63/19-20 |
| ആകെ മൂല്യ നിർണ്ണയം | 1872099 |
| പണം നൽകിയതിന്റെ വിവരം (ഒന്നാം പാർട്ട് ബിൽതുക 211117 രൂപ 2018-19 ൽ നൽകി ) | 1/15.4.20 - 325218<br>4/20.5.20 - 1355764 |
| എസ്റ്റിമേറ്റിലെ ഇനം 3 ബിൽഡപ്പ് സെക്ഷൻ (ട്രസ്സ്) പ്രവൃത്തിക്ക് കണക്കാക്കി നൽകിയ മൂല്യം | 7185.49 Kg X 93.52 = 671987 |
| ഇനം 3 ൽ ഉൾപ്പെടുത്തി അളവെടുത്ത സിംഗ്ൾ സെക്ഷൻ പ്രവൃത്തി (പർലിൻ) (എം ബുക്ക് 63/19-20 പേജ് 25 To29 | 2298.18 Kg |

| | |
|---|---|
| സിംഗ്ൾ സെക്ഷൻ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് | 60.56 (ഒറിജിനൽ എസ്റ്റിമേറ്റിലെ ഇനം 5 ന കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്) |
| ആകെ അധികം നൽകിയ തുക | (93.52 – 60.56) X 2298..18 = 75748 രൂപ |

അധികം നൽകിയ 75748 രൂപ തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 5/17.5.22 എന്ന ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല.

## 1-22 ചെലവുരേഖകൾ ലഭ്യമാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നടത്തിയ താഴെ പറയുന്ന ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ആയവ ലഭ്യമാക്കേണ്ടതാണ്.

## 1-22-1 തുടർ നടപടി വിവരം ലഭ്യമാക്കിയില്ല.

| ക്രമ നം. | വൗച്ചർ നം. /തീയ്യതി | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 2200229/16.10.2020 | 2035 | തൊടികപ്പുലം - പാലക്കുന്ന് മൂന്ന് സെന്റ് കോളനി കുടിവെള്ള പദ്ധതി, സർവ്വേക്ക് വേണ്ടി ജില്ലാ ഓഫീസർ ഭൂജലവകുപ്പ്, മലപ്പുറത്തിന് നൽകിയ തുക<br>– തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 2 | 2200230/16.10.2020 | 2035 | തെക്കുംപുറം - ജമാൽപ്പടി കുടിവെള്ള പദ്ധതി, സർവ്വേക്ക് വേണ്ടി ജില്ലാ ഓഫീസർ ഭൂജലവകുപ്പ്, മലപ്പുറത്തിന് നൽകിയ തുക<br>– തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 3 | 22000303/16.11.2020 | 4070 | രണ്ടു പദ്ധതികൾക്ക്<br>1)വാക്കോട് – ചീനിക്കുന്ന് കുടിവെള്ള പദ്ധതി, സർവ്വേക്ക് വേണ്ടി ജില്ലാ ഓഫീസർ ഭൂജലവകുപ്പ്, മലപ്പുറത്തിന് നൽകിയ തുക<br>2) ഏത് പദ്ധതിയെന്ന വിവരം ഫയലിൽ ഇല്ല<br>– തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 4 | 22000431/17.03.21 | 40,989 | ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട് നിന്നും ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ വാങ്ങിയ ഇനത്തിൽ ചെലവഴിച്ച തുക<br>- സ്റ്റോക്ക്, ഇഷ്യൂ വിവരം |
| 5 | 22000150/27.08.2020 | 1,00,000 | കാളികാവ് സഫാ ഹോസ്പിറ്റലിലെ സി എഫ് എൽ ടി സി യുമായി ബന്ധപ്പെട്ട ചെലവുകൾക്കായി മെഡിക്കൽ ഓഫീസർ സി എച്ച് സി (20,000 രൂപ), എക്സ്റ്റെൻഷൻ ഓഫീസർ (80,000 രൂപ) എന്നിവർക്ക് നൽകിയ തുക<br>-മെഡിക്കൽ ഓഫീസർ സി എച്ച് സിക്ക് |

| | | | |
|---|---|---|---|
| | | | നൽകിയ 20,000 രൂപയുടെ ചെലവ് രേഖകൾ, മുഴവൻ തുകയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും തിരികെ കിട്ടിയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |

1-22-2 സ്റ്റോക്ക് ,ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല.

| ക്രമ നം. | വൗച്ചർ നം. /തീയ്യതി | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 22000431/17.03.21 | 40,989 | ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട് നിന്നും ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ വാങ്ങിയ ഇനത്തിൽ ചെലവഴിച്ച തുക<br>- സ്റ്റോക്ക്, ഇഷ്യൂ വിവരം |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മേൽക്കൂര നിർമ്മാണം - സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിന്റെ നിരക്ക് അനുവദിച്ച് അധികം പണം നൽകി.

കാളികാവ് ബ്ലോക്കിന്റെ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾ (No. 108/21) എന്ന പ്രൊജക്റ്റിന്റെ ഭാഗമായി ബ്ലോക്ക് ഓഫീസിന്റെ മുകൾ നിലയിൽ സ്റ്റീൽ സ്ട്രക്ച്ചറിൽ ഷീറ്റ് മേഞ്ഞ് മേൽക്കൂര പണിതിട്ടുണ്ട്. സ്റ്റീൽ സ്ട്രക്ച്ചറിലെ പട്ടികകൾ സിംഗിൾ സെക്ഷനിൽ ആണ് പണിതിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ നാലാം ഇനം കിലോഗ്രാമിനു 92.85 രൂപ നിരക്കിൽ 5757.839 കിലോഗ്രാം സ്റ്റീൽ ബിൽഡപ്പ് സെക്ഷനും (ട്രസ്സും) അഞ്ചാം ഇനം കിലോഗ്രാമിനു 80.22 രൂപ നിരക്കിൽ 2592 കിലോഗ്രാം സ്റ്റീൽ സിംഗ്ൾ സെക്ഷനും ഉപയോഗിച്ച് മേൽക്കൂരയുടെ സ്ട്രക്ച്ചർ പണിയലാണ്. ഈ പ്രവൃത്തിയുടെ കരാറുകാരൻ നാലാം ഇനം പ്രവൃത്തി കിലോഗ്രാമിനു 70.1018 രൂപ നിരക്കിലും അഞ്ചാം ഇനം പ്രവൃത്തി കിലോഗ്രാമിനു 60.5661 രൂപ നിരക്കിലും ചെയ്യാൻ ടെണ്ടർ സമർപ്പിച്ചതുമാണ്. എന്നാൽ പ്രവൃത്തിയിലെ ഇനം 4, ഇനം 5 എന്നിവ പൂർണ്ണമായും ഒഴിവാക്കി എക്സ്ട്രാ ഇനം 3 ആയി കിലോഗ്രാമിനു 123.87 രൂപ നിരക്കിൽ 7185.48 കിലോഗ്രാം സ്റ്റീൽ ട്രസ്സ് കൊണ്ട് സ്റ്റീൽ സ്ട്രക്ച്ചർ മേൽക്കൂര പണിയുന്ന പ്രവൃത്തി ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും 7185.48 കിലോഗ്രാം പ്രവൃത്തി ചെയ്തതിന് പണം നൽകുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ കുറവിന്റെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ കിലോഗ്രാമിനു 93.52 രൂപ നിരക്കിലാണ് പണം നൽകിയിട്ടുള്ളത്. പ്രവൃത്തി സംബന്ധിച്ച വിവരങ്ങളും അധികം നൽകിയ തുക സംബന്ധിച്ച കണക്കുകളും താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി | കാളികാവ് ബ്ലോക്കിന്റെ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾ (No. 108/21) |
| എസ്റ്റിമെറ്റ് നമ്പർ | 2018/116750 |
| സാങ്കേതിക അനുമതി നമ്പർ | 89825/2018-19 |
| സാങ്കേതിക അനുമതി തുക | 2500000 |
| നിരക്കും കോസ്റ്റ് ഇൻഡക്സും | DSR 2016 , Cost Index 37.25% |
| കരാറുകാരൻ | അക്ബർ മാഞ്ചേരി |
| കരാർ നമ്പർ | AEE/KKV/BP/1/18-19 Dated 28.11.2018 |

| | |
|---|---|
| കരാർ തുക | 1877585 |
| അളവ് പുസ്തകം | 1/18-19, 63/19-20 |
| ആകെ മൂല്യ നിർണ്ണയം | 1872099 |
| പണം നൽകിയതിന്റെ വിവരം (ഒന്നാം പാർട്ട് ബിൽതുക 211117 രൂപ 2018-19 ൽ നൽകി ) | 1/15.4.20 - 325218<br>4/20.5.20 - 1355764 |
| എസ്റ്റിമേറ്റിലെ ഇനം 3 ബിൽഡപ്പ് സെക്ഷൻ (ട്രസ്സ്) പ്രവൃത്തിക്ക് കണക്കാക്കി നൽകിയ മൂല്യം | 7185.49 Kg X 93.52 = 671987 |
| ഇനം 3 ൽ ഉൾപ്പെടുത്തി അളവെടുത്ത സിംഗ്ൾ സെക്ഷൻ പ്രവൃത്തി (പർലിൻ) (എം ബുക്ക് 63/19-20 പേജ് 25 To29 | 2298.18 Kg |
| സിംഗ്ൾ സെക്ഷൻ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് | 60.56 (ഒറിജിനൽ എസ്റ്റിമേറ്റിലെ ഇനം 5 ന കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്) |
| ആകെ അധികം നൽകിയ തുക | (93.52 – 60.56) X 2298..18 = 75748 രൂപ |

അധികം നൽകിയ 75748 രൂപ ഈ പ്രവൃത്തിയുടെ അളവ് എടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ രഹ്ന.എ.സി, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 5/17.5.22 ന് മറുപടി ലഭ്യമായിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 16.05.2022 മുതൽ 17.05.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേരും നമ്പറും | ചെലവഴിച്ച തുക (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 392000 | പ്രോജക്ട് നം. 98/21- പി.എം.എ.വൈ (ജനറൽ ) ഭവന നിർമ്മാണം | 392000 | 0 |
| ജില്ലാ പഞ്ചായത്ത് | 252000 | പ്രോജക്ട് നം. 99/21- പി.എം.എ.വൈ (SCP) ഭവന നിർമ്മാണം | 252000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

### 4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല.

### 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

ഇല്ല.

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 24182223 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 16666541 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 75748 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1753766 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 75748 | (1) ശ്രീമതി. രഹ്ന.എ.സി , അസിസ്റ്റന്റ് എഞ്ചിനീയർ<br>(2) ശ്രീ.സുമേഷ്. വി.ആർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 0 | 75748 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13-1(എ) | 2,29,099 | ശ്രീമതി.സജിത.ടി.വി , ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-13-1(ബി) | 4,76,910 | ശ്രീമതി.ദിവ്യ.ജി.എൻ , ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-14 | 3,44,030 | ശ്രീമതി.ദിവ്യ.ജി.എൻ , ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-15 | 703727 | ശ്രീ.സുധേഷ്ണ പാലോളി, അസി.എഞ്ചിനീയർ |
| ആകെ | 1753766 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രഹ്ന.എ.സി അസിസ്റ്റന്റ് എഞ്ചിനീയർ | ബ്ലോക്ക് പഞ്ചായത്ത് | ചിറക്കൽ വീട്, പൂവത്തൂർ (പി.ഒ), |

| | | |
|---|---|---|
| | | തിരുവള്ളൂർ<br>തൃശ്ശൂർ |
| ശ്രീ.സുമേഷ്. വി.ആർ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ | | രമ നിവാസ്,<br>TC 16/1601<br>ജഗതി<br>തൈക്കാട് (പി.ഒ)<br>695 014 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2011-12<br>2012-13 | എൽ.എഫ്.എം.4/1747/2017 തിയ്യതി 29.05.2019 | 15 |
| 2013-14 | എൽ.എഫ്.എം. 4/2898/2019 തിയ്യതി 15.09.2020 | 4 |
| 2014-15 | കെ.എസ്.എ.എം.പി.എം.14/1745/2020 തീയ്യതി.21.12.2020 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം.4/54/2020 തിയ്യതി.15-09-2020 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം.4/882/2021 തിയ്യതി.12.10.2021 | 3 |
| 2017-18 | കെ.എസ്.എ.എം.പി.എം.4/883/2021 തിയ്യതി.10.11.2021 | 1 |
| 2018-19 | കെ.എസ്.എ.എം.പി.എം.4/1255/2020 തിയ്യതി.12.10.2021 | 4 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

എൽ. 6/22

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്